ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 30.08.2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. കേരളത്തിൻറെ സമ്പന്നമായ സാംസ്കാരിക പൈതൃകവും പാരമ്പര്യവും രാജ്യത്തിനാകെ അഭിമാനമാണെന്ന് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ. സംസ്ഥാന ഓണം വാരാഘോഷത്തിന് തിരുവനന്തപുരത്ത് സമാപനം.

   **Vice President C. P. Radhakrishnan says Kerala's rich cultural heritage and traditions are a matter of pride for the entire country; State Onam Week celebrations concluded in Thiruvananthapuram.**

2. ഇന്ത്യ- ഉസ്ബെക്കിസ്ഥാൻ ബന്ധം സമഗ്ര തന്ത്രപ്രധാന പങ്കാളിത്തം എന്ന തലത്തിലേക്ക് ഉയരുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഉസ്ബെക്കിസ്ഥാൻറെ പരമോന്നത ബഹുമതി പ്രധാനമന്ത്രിക്ക് സമ്മാനിച്ചു.

   **Prime Minister Narendra Modi says India-Uzbekistan relations are progressing towards a comprehensive strategic partnership; Uzbekistan's highest civilian honour conferred to the Prime Minister.**

3. പ്രളയബാധിത നേപ്പാളിന് സഹായമായി 11 ടൺ ദുരിതാശ്വാസ സാമഗ്രികൾ കൂടി എത്തിച്ച് ഇന്ത്യ. പ്രളയത്തിൽ മരണം 768 ആയി.

   **India sends an additional 11 tonnes of relief materials to flood-hit Nepal; Death toll in the floods rises to 768.**

4. ലഹരിക്കെതിരായ 'നശാ മുക്ത് യുവ ഫോർ വികസിത് ഭാരത്' കാമ്പെയിൻ രാജ്യത്തുടനീളം കുതിച്ചുയരുന്നതായി പ്രധാനമന്ത്രി മൻ കി ബാത്തിൽ.

**Prime Minister Narendra Modi says that the 'Nasha Mukt Yuva for Viksit Bharat' campaign against drug abuse is gaining momentum across the country, in his Mann Ki Baat address.**

5. ഉത്തരേന്ത്യയിൽ ശക്തമായ മഴ തുടരുന്നു. ഒഡിഷയിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു.

**Heavy rains continue to batter northern India; Red alert declared in Odisha.**

6. വനിതാ ടി-20 ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ തായ്‌ലൻറ് പോരാട്ടം അല്പസമയത്തിനകം.

**India to take on Thailand in the Women's T-20 Asia Cup cricket shortly.**

**&&&&&&&&&&&&&&&&&&&&**

## VP-ARANMULA- INTRO

കേരളത്തിൻറെ സമ്പന്നമായ സാംസ്കാരിക പൈതൃകവും പാരമ്പര്യവും രാജ്യത്തിനാകെ അഭിമാനമാണെന്ന് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ. പമ്പാനദിയിലെ ആവേശപ്പെരുമയായ ആറന്മുള ഉത്രട്ടാതി വള്ളംകളി ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ വൈവിധ്യമാർന്ന സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും പ്രതീകമാണ് ആറന്മുള ജലമേളയെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ് വോയിസ്)

ഉത്രട്ടാതി ജലമേളയിൽ എ ബാച്ച് ഫൈനൽ മത്സരത്തിൽ മേലുകര പള്ളിയോടം ഒന്നാം സ്ഥാനം നേടി. ബി ബാച്ച്

ഫൈനലിൽ കോറ്റാത്തൂർ കൈതക്കോടി പള്ളിയോടം മന്നം ട്രോഫി നേടി.

&&&&&&&&&&&&&&&&&&&&

## ONAM - KERALAM

സംസ്ഥാന ഓണംവാരാഘോഷത്തിന് തിരുവനന്തപുരത്ത് സമാപനം. നഗരവീഥികളിൽ ആഘോഷപ്പൊലിമയുടെ വർണവിസ്മയം തീർത്ത് ഓണം വാരാഘോഷത്തിൻറെ സമാപന ഘോഷയാത്ര ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഫ്ളാഗ് ഓഫ് ചെയ്തു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി വി.ഡി. സതീശൻ, മന്ത്രിമാരായ പി.സി. വിഷ്ണുനാഥ്, കെ. മുരളീധരൻ, സിപി ജോൺ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. സംസ്ഥാന ടൂറിസം വകുപ്പിൻറെ നേതൃത്വത്തിലാണ് ഓണം വാരാഘോഷം സംഘടിപ്പിച്ചത്.

&&&&&&&&&&&&&&&&&&&&

## VICEPRESIDENT -LAKSHADWEEP

ലക്ഷദ്വീപ് സന്ദർശനത്തിന്റെ ഭാഗമായി ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ നാളെ അഗത്തി ദ്വീപിലെത്തും . അഗത്തി സ്കൂൾ സ്റ്റേഡിയത്തിലെ ഔദ്യോഗിക ചടങ്ങിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതികളുടെ വിവിധ ഗുണഭോക്താക്കൾക്കുള്ള സഹായം ഉപരാഷ്ട്രപതി വിതരണം ചെയ്യും. കേന്ദ്ര ഫിഷറീസ് മന്ത്രാലയം ആവിഷ്കരിക്കുന്ന മിഷൻ രംഗീൻ മച്ലി 2031-ന്റെ കർമ്മപദ്ധതികൾക്കും ഉപരാഷ്ട്രപതി തുടക്കം കുറിക്കും. ഔദ്യോഗിക പരിപാടികൾക്ക് ശേഷം നാളെ ഉച്ചയോടെ ഉപരാഷ്ട്രപതി അഗത്തിയിൽ നിന്ന് കൊച്ചിയിലേക്ക് തിരിക്കും.

&&&&&&&&&&&&&&&&&&&&

## PM UZBEKISTAN OPENING REMARKS-INTRO

ഇന്ത്യയും ഉസ്ബെക്കിസ്ഥാനും തമ്മിലുള്ള ബന്ധം സമഗ്ര തന്ത്രപ്രധാന പങ്കാളിത്തം എന്ന തലത്തിലേക്ക് ഉയരുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. താഷ്കെന്റിൽ പ്രസിഡൻറ് ഷവ്കത് മിർസിയോയേവുമായി പ്രധാനമന്ത്രി ഉന്നതതല കൂടിക്കാഴ്ച നടത്തി. യുറേനിയം വിതരണത്തിനായി ഇരുരാജ്യങ്ങളും തമ്മിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു കരാർ രൂപപ്പെടുത്തിയതായും പ്രധാനമന്ത്രി അറിയിച്ചു.

(ഹോൾഡ് വോയിസ് )

സന്ദർശനവേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഉസ്ബെക്കിസ്ഥാൻറെ പരമോന്നത ബഹുമതിയായ 'ഓർഡർ ഓഫ് ഒലിയ് ദരാജലി ദസ്റ്റ്ലിക്' സമ്മാനിച്ചു. സെപ്റ്റംബർ 1-ന് നടക്കുന്ന സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ഉസ്ബെക്കിസ്ഥാനിലെ ജനങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസകൾ നേർന്നു. ഉഭയകക്ഷി വ്യാപാരം ഇരട്ടിയാക്കുന്നതുമായി ബന്ധപ്പെട്ട വിവിധ കരാറുകളിൽ ഇരു രാജ്യങ്ങളും ഒപ്പു വെച്ചു.

&&&&&&&&&&&&&&&&&&&&

## PM-KYRGYZSTAN

ഉസ്ബെക്കിസ്ഥാൻ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കിർഗിസ്ഥാനിലേക്ക് തിരിക്കും. ബിഷ്കെക്കിൽ എസ്.സി.ഒ. അംഗരാജ്യങ്ങളിലെ നേതാക്കളുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ചകൾ നടത്തും.

മറ്റന്നാൾ ഷാങ്ഹായ് കോ-ഓപ്പറേഷൻ ഓർഗനൈസേഷന്റെ 26-ാമത് ഉച്ചകോടിയിലും ശ്രീ മോദി പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&

## NEPAL FLOOD

നേപ്പാൾ പ്രളയത്തിൽ മരണം 768 ആയി. 2,500-ഓളം പേരെ കാണാതായിട്ടുണ്ട്. പ്രളയക്കെടുതിയുടെ അഞ്ചാം ദിനമായ ഇന്നും കാണാതായവർക്കായി തിരച്ചിൽ തുടരുകയാണ്. കുടുങ്ങിക്കിടക്കുന്നവർക്കായി രക്ഷാപ്രവർത്തനവും പുരോഗമിക്കുന്നു. ദുരന്തബാധിത മേഖലയിൽ നിന്ന് 8,200-ഓളം പേരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. ഭോട്ടെ കോഷി നദിയിലെ വെള്ളപ്പൊക്ക സാധ്യത കണക്കിലെടുത്ത് നേപ്പാൾ സർക്കാർ പുതിയ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു. നേപ്പാൾ പ്രളയ ദുരന്തത്തെ തുടർന്ന് വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിലും ജാഗ്രത തുടരുകയാണ്. അതേസമയം, നേപ്പാളിലേക്ക് പോയ ചെന്നൈയിൽ നിന്നുള്ള 319 തീർത്ഥാടകരിൽ 219 പേർ ഈ ആഴ്ച തിരിച്ചെത്തുമെന്ന് തമിഴ്നാട് സർക്കാർ അറിയിച്ചു .

&&&&&&&&&&&&&&&&&&&&

## INDIAN ASSISTANCE TO NEPAL

പ്രളയബാധിത നേപ്പാളിന് സഹായഹസ്തവുമായി ഇന്ത്യ. 11 ടൺ ദുരിതാശ്വാസ സാമഗ്രികളുമായി ഇന്ത്യയിൽ നിന്നുള്ള നാലാമത്തെ വിമാനം ഇന്ന് നേപ്പാളിലെത്തി. ഇതുവരെ 68.5 ടൺ ദുരിതാശ്വാസ സാമഗ്രികൾ നേപ്പാളിന് കൈമാറി. രക്ഷാപ്രവർത്തനങ്ങൾക്ക് സാങ്കേതിക സംഘങ്ങളെയും ഫോറൻസിക് വിദഗ്ധരെയും ഉപകരണങ്ങളും അയച്ചതായും ഇന്ത്യൻ എംബസി അറിയിച്ചു. 230 അടി നീളമുള്ള മോഡുലാർ സ്റ്റീൽ പാലം സ്ഥാപിക്കുന്നതിനുള്ള

ഉപകരണങ്ങളുമായി 16 ട്രക്കുകളും നേപ്പാളിലെത്തിയതായി കാഠ്മണ്ഡുവിലെ ഇന്ത്യൻ എംബസി അറിയിച്ചു.

**&&&&&&&&&&&&&&&&&&&&**

## WHO ASSISTANCE TO NEPAL

പ്രളയക്കെടുതി അനുഭവിക്കുന്ന നേപ്പാളിന് 1,50,000 യുഎസ് ഡോളറിൻറെ അടിയന്തര സഹായവുമായി ലോകാരോഗ്യ സംഘടന. അവശ്യ സേവനങ്ങൾ തടസ്സമില്ലാതെ ലഭ്യമാക്കുക, ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ഉയർന്നുവരുന്ന ആരോഗ്യ ഭീഷണികൾ കണ്ടെത്തി പരിഹരിക്കുക എന്നിവക്കാണ് സംഘടന ഊന്നൽ നൽകുന്നത്. രക്ഷാപ്രവർത്തനങ്ങളിലും തുടർനടപടികളിലും നേപ്പാളിനെ സഹായിക്കാൻ പ്രതിജ്ഞാബദ്ധമാണെന്ന് ലോകാരോഗ്യ സംഘടന അറിയിച്ചു.

**&&&&&&&&&&&&&&&&&&&&**

## MKB - NASAMUKT

ലഹരിയുടെ ദൂഷ്യഫലങ്ങൾ ഒരാളെ മാത്രം ബാധിക്കുന്നതല്ലെന്നും, കുടുംബവും സമൂഹവും ഒന്നടങ്കം അനുഭവിക്കേണ്ടിവരുന്നതായും പ്രധാനമന്ത്രി നരേന്ദ്രമോദി. മൻ കി ബാത്തിന്റെ 137-ാംപതിപ്പിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുകയായിരുന്നു അദ്ദേഹം. ലഹരിക്കെതിരെ, 'നശാ മുക്ത് യുവ ഫോർ വികസിത് ഭാരത്' കാമ്പെയിൻ രാജ്യത്തുടനീളം കുതിച്ചുയരുന്നതായും പ്രധാനമന്ത്രി പറഞ്ഞു. ലഹരിമുക്ത ഭാരതത്തിനായി പ്രചാരണ വാക്യങ്ങളും, ഗാനങ്ങളും, ചെറു നാടകങ്ങളും, മറ്റ് കണ്ടന്റുകളും തയ്യാറാക്കാൻ അദ്ദേഹം ജനങ്ങളെ ക്ഷണിച്ചു.

**&&&&&&&&&&&&&&&&&&&&**

## MKB - SHAKTISAT-INTRO

നമ്മുടെ പെൺമക്കളുടെ സ്വപ്നങ്ങൾ, ഭൂമിയിൽ നിന്ന് ബഹിരാകാശം വരെ എത്തിയതായി പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. ഇത്തരത്തിൽ സ്വപ്നങ്ങൾ കാണുന്ന ലോകമെമ്പാടുമുള്ള ആയിരക്കണക്കിന് പെൺകുട്ടികളെ ഇന്ത്യ ഒരുമിച്ച് കൂട്ടുകയാണെന്നും ശക്തിസാറ്റ് ദൗത്യത്തെക്കുറിച്ച് പരാമർശിച്ചുകൊണ്ട് അദ്ദേഹം വ്യക്തമാക്കി. 108 രാജ്യങ്ങളിലെ 12,000 വിദ്യാർത്ഥിനികൾക്ക് ഇതിലൂടെ സാറ്റലൈറ്റ് സാങ്കേതികവിദ്യ പഠിക്കാനും ഇനവേഷൻ രംഗത്ത് മുന്നേറാനും ഇതിലൂടെ അവസരം ലഭിക്കുന്നുവെന്ന് ശ്രീ മോദി അറിയിച്ചു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&&&

## MKB-THIRANGA

സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട് ഈ വർഷം 'സൂര്യപഥ് തിരംഗ'യിലൂടെ ആഗോളതലത്തിൽ ഫിജിയിലെ സുവയിൽ തുടങ്ങി അമേരിക്കയിലെ സാൻ ഫ്രാൻസിസ്കോ വരെ ത്രിവർണ്ണ പതാക ഉയർത്തിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. എട്ടു കോടിയിലധികം തിരംഗ സെൽഫികൾ ഇത്തവണ സമൂഹമാധ്യമത്തിൽ അപ്ലോഡ് ചെയ്യപ്പെട്ടതായും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## MKB - PM SWANIDHI

ലക്ഷക്കണക്കിന് അമ്മമാർക്കും സഹോദരിമാർക്കും 'PM സ്വനിധി പദ്ധതി' പുതിയ ശക്തി പകരുന്നതായും പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. പദ്ധതിയുടെ

ഗുണഭോക്താക്കളിൽ 46 ശതമാനവും സ്ത്രീകളണെന്നും ശ്രീ മോദി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

## MKB- SWACHHTHA

ശുചിത്വം നമ്മുടെ പെരുമാറ്റത്തിന്റെ ഭാഗമാകുമ്പോൾ നാടിന്റെ ഭംഗി വർധിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കി ബാത്തിൽ പറഞ്ഞു. ശുചിത്വത്തിന് അതിൻറേതായ സവിശേഷതയുണ്ടെന്നും, ഒരു സ്ഥലം വൃത്തിയായി സൂക്ഷിക്കുമെന്ന പ്രതിജ്ഞ ആ സ്ഥലത്തിന്റെ മുഖച്ഛായ തന്നെ മാറ്റുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&&&

## ODISHA FLOOD

ഒഡിഷയിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ച് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തുടർച്ചയായ മഴയെത്തുടർന്ന് ബാലസോറിൽ സുബർണരേഖാ നദിയിലെ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ, ജാഗ്രത നിർദേശം നൽകിയിട്ടുണ്ട് . ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, കിഴക്കൻ ഉത്തർപ്രദേശ്, ബിഹാർ, കിഴക്കൻ മധ്യപ്രദേശ്, ഝാർഖണ്ഡ്, പശ്ചിമ ബംഗാൾ, എന്നിവിടങ്ങളിൽ നാളെ വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥ വകുപ്പ് അറിയിച്ചു .

&&&&&&&&&&&&&&&&&&&&

## IMD KERALAM

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള തീരദേശ ജില്ലകളിൽ നാളെ രാത്രി

വരെ കടലാക്രമണത്തിന് സാധ്യതയെന്ന് മുന്നറിയിപ്പ്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

**&&&&&&&&&&&&&&&&&&&&**

## WOMEN TWENTY 20 ASIA CUP

വനിതാ ടി-20 ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് തായ്‌ലന്റിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 8 മണിക്ക് ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. ഹർമൻപ്രീത് കൗറാണ് ഇന്ത്യയെ നയിക്കുന്നത്.

**&&&&&&&&&&&&&&&&&&&&**

**&&&&&&&&&&&**

**&&&**